## യാത്രക്കാരനെ ആക്രമിച്ച് മൊബൈൽ ഫോണും പണവും കവർച്ച ചെയ്ത രണ്ടുപേർ പിടിയിൽ

തിരുവനന്തപുരം:- പഴവങ്ങാടിയ്ക്ക് സമീപം വഴിയാത്രക്കാരനെ ആക്രമിച്ച് മൊബൈൽ ഫോണും പണവും പിടിച്ചുപറിച്ചെടുത്ത കേസ്സിൽ രണ്ട് പ്രതികളെ പോലീസ് പിടികൂടി. തമ്പാനൂർ രാജാജി നഗറിൽ ശരവണൻ (38), നേമം ഇടവക്കോട് സ്വദേശി വിഷ്ണു (29) എന്നിവരെയാണ് ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്തത്.

വ്യാഴാഴ്ച രാത്രി 7.30-നാണ് സംഭവം നടന്നത്. ചാലയിലെ ഒരു ഹോട്ടലിൽ നിന്നും ഇറങ്ങി വരികയായിരുന്ന അമ്പലത്തറ സ്വദേശി സുബാഷിനെ പിൻതുടർന്ന് വന്ന പ്രതികൾ പഴവങ്ങാടിയ്ക്ക് സമീപം വച്ച് ആക്രമിക്കുകയും വിലപിടിപ്പുള്ള മൊബൈൽ ഫോണും 19,000/- രൂപ അടങ്ങിയ പഴ്സും തട്ടിയെടുത്ത് കടന്നുകളയുകയായിരുന്നു. ഫോർട്ട് അസ്സിഃ കമ്മീഷണർ ഷാജിയുടെ നിർദ്ദേശപ്രകാരം ഫോർട്ട് എസ്.എച്ച്.ഒ രാകേഷ്.ജെ, എസ്.ഐ സജു എബ്രഹാം എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.



ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്ത വിഷ്ണു (29), ശരവണൻ (38)